**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **13-12-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നികുതി തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അതിഥിത്തൊഴിലാളികളുടെ തിരിച്ചറിയൽ രേഖകൾ ദുരുപയോഗം ചെയ്ത് കൊണ്ട് സംസ്ഥാനത്ത് ജി.എസ്.ടി. തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പെരുമ്പാവൂരിൽ അടക്കം ആക്രി വ്യാപാരത്തിന്റെ മറവിൽ നൂറ്റിഇരുപത്തിയഞ്ച് കോടി രൂപയുടെ വ്യാജ ബില്ലുകൾ നിർമ്മിച്ച് പന്ത്രണ്ട് കോടി രൂപയുടെ തട്ടിപ്പ് നടത്തിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | **ഉണ്ട്. ഈ കേസിൽ ജി.എസ്.ടി. നിയമം 69 വകുപ്പ് പ്രകാരം രണ്ടു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസന്വേഷണം ഊർജിതമായി നടന്നു വരികയാണ്. കുറ്റക്കാർക്കെതിരെ ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ മുഖേന നികുതിയും പിഴയും പലിശയും ഈടാക്കുന്നതിലേക്കായി പ്രവർത്തനങ്ങൾ കൈക്കൊണ്ടു വരുന്നു** |
| (സി) | ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | ചരക്ക് സേവന നികുതി നിയമം പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടനയിലും പ്രവർത്തനങ്ങളിലും ഒട്ടനവധി മാറ്റങ്ങൾ വന്നിട്ടുണ്ട്. വാഹന പരിശോധന, കടപരിശോധന എന്നിവ കൂടാതെ പുതുതായി വകുപ്പിന്റെ അധികാരപരിധിയിലേക്ക് വന്ന സേവന മേഖലയിലെ നികുതി വെട്ടിപ്പ് സംബന്ധിച്ച അന്വേഷണം തുടങ്ങിയവയും ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തന മേഖലയാണ്.<br><br>ചെക്ക്പോസ്റ്റ് സംവിധാനം നിർത്തലാക്കിയതിനെ തുടർന്ന് പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സർവെയ്‌ലൻസ് സ്ക്വാഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിന് വേണ്ടി പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ ഓട്ടോമാറ്റിക്ക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (ANPR) |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ച് മതിയായ രേഖകൾ (ഈ-വേ ബിൽ) ഇല്ലാതെ കടന്നു വരുന്ന ചരക്കു വാഹനങ്ങളുടെ വിവരം തത്സമയം തന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിനു ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒൻപത് ജില്ലകളിലായി ഇരുപത്തിരണ്ട് സ്ഥലങ്ങളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ച് ഫലപ്രദമായി നിരീക്ഷിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ അമരവിള, മൂലക്കോണം, പിരായുംമൂട്, വെള്ളറട, ഉച്ചക്കട, കൊല്ലം ജില്ലയിൽ ആര്യങ്കാവ്, ഇടുക്കി ജില്ലയിൽ കുമിളി, പാലക്കാട് ജില്ലയിൽ വാളയാർ, നടുപ്പുണി, വേലന്താവളം, മീനാക്ഷിപുരം, ഗോപാലപുരം, ഗോവിന്ദപുരം, ഒഴലപ്പതി, മലപ്പുറം ജില്ലയിൽ വഴിക്കടവ്, കോഴിക്കോട് കുഞ്ഞിപ്പള്ളി, വയനാട് ജില്ലയിൽ മുത്തങ്ങ, തോൽപ്പെട്ടി, കണ്ണൂർ ജില്ലയിൽ കൂട്ടുപുഴ, ന്യൂമാഹി, കാസറഗോഡ് ജില്ലയിൽ പെർള, ആദൂർ എന്നിവിടങ്ങളിലാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. വ്യാപാരികൾ തങ്ങളുടെ വില്പനയ്ക്ക് ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നുണ്ടോ എന്ന് പരിശോധിക്കാനായി സെക്ഷൻ 67(12) പ്രകാരം ടെസ്റ്റ് പർച്ചേസുകൾ നടത്തുന്നുണ്ട്.<br><br>റെയിൽവേ സ്റ്റേഷൻ, ടൂറിസ്റ്റ് ബസുകൾ, പാർസൽ ഏജൻസികൾ എന്നിവയിലൂടെ നികുതി വെട്ടിച്ചുള്ള ചരക്ക് കടത്ത് തടയുന്നതിലേക്കായി ഈ സ്ഥലങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. ബിനാമി രജിസ്ട്രേഷനുകൾ, സർക്കുലർ ട്രേഡിങ്, വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കൽ എന്നിവ കണ്ടെത്തുന്നതിനും, അത് മൂലമുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും ഇന്റലിജൻസ് വിഭാഗം രഹസ്യാത്മക അന്വേഷണം നടത്തി ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ രജിസ്ട്രേഷൻ റദ്ദാക്കുകയും, തുടർ നിയമനടപടികൾ സ്വീകരിച്ച് വരികയുമാണ്.<br><br>ഇവ കൂടാതെ നികുതി വെട്ടിപ്പ് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിൽ തുടർ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ